# അൽമായവേദി ന്യൂസ് ബുള്ളറ്റിൻ

**അഖില മലങ്കര ഓർത്തഡോക്സ് അൽമായവേദി പ്രസിദ്ധീകരണം**

2007 ഏപ്രിൽ 16 തിങ്കൾ

# കാർത്തികപള്ളിപ്പള്ളിയിൽ കൽദായ മെത്രാപ്പോലീത്തായുടെ കബറിടം കണ്ടെത്തി

**അൽമായവേദി ന്യൂസ് സർവീസ്**

ഹരിപ്പാട്: ആയിരം വർഷത്തിലേറെ പഴക്കമുള്ള കാർത്തിക പ്പള്ളി സെന്റ് തോമസ് ഓർത്തഡോക്സ് കത്തീഡ്രലിൽ തെക്കു വശത്ത് പൂമുഖം സ്ഥാപിച്ചിരുന്ന ഭാഗം നിർമ്മാണപ്രവർത്തന ത്തിനായി കുഴിച്ചപ്പോൾ ഇരുത്തി അടക്കം ചെയ്ത മെത്രാപ്പോ ലീത്തായുടേതെന്നു കരുതുന്ന തലയോടും അസ്ഥികളും കാണ പ്പെട്ടു.

കത്തീഡ്രലിൽ തെക്കുഭാഗത്തെ വാതിലിനടുത്ത് ഭിത്തിയോടു ചേർന്ന ഭാഗത്ത് വരാന്ത നിർമ്മിക്കാൻ കുഴിച്ചപ്പോഴാണ് മൂന്നടി താഴ്ചയിൽ തലയോട്ടിയും അസ്ഥികളും കാണപ്പെട്ടത്. വെള്ളി യാഴ്ച വൈകിട്ട് ഇതു കണ്ടയുടൻ കൂട്ടമണിയടിച്ചതോടെ നാട്ടു കാരും ഇടവകാംഗങ്ങളും ഓടിയെത്തി. കുഴിക്കു സമീപം മെഴുകു തിരികൾ തെളിക്കുകയും വികാരി ഫാ. എം. കെ. വർഗീസിന്റെ നേതൃത്വത്തിൽ പ്രാർത്ഥന നടത്തുകയും ചെയ്തു. ഇടവക പട്ട ക്കാരൻ ഫാ. പി. ഫിലിപ്പോസും പങ്കെടുത്തു.

ഇരുത്തി അടക്കിയ നിലയിൽ കാണപ്പെട്ട മെത്രാപ്പോലീത്താ യുടെ രണ്ട് കൈകളും മുകളിലേക്ക് ഉയർത്തിപ്പിടിച്ച നിലയിലായി രുന്നുവെന്നു വികാരി ഫാ. എം. കെ. വർഗീസ് പറഞ്ഞു. മെത്രാ പ്പോലീത്താമാരെ കസേരയിൽ ഇരുത്തി ഇടതുകൈയിൽ അംശവ ടിയും വലതു കൈയിൽ കുരിശും പിടിപ്പിച്ചാണ് അടക്കുക.

വരാന്ത നിർമ്മിക്കാൻ ഈയിടെ പൂമുഖം പൊളിച്ചുമാറ്റിയ ഭാഗം കുഴിച്ചപ്പോൾ എട്ടടിനീളമുള്ള കരിങ്കൽ സ്ലാബ് കണ്ടിരുന്നു. മണ്ണ് മാറ്റിയപ്പോഴാണ് തലയോടും മറ്റും കണ്ടത്.

ഏത് മെത്രാപ്പോലീത്തായുടേതാണെന്ന് വിവരം ലഭിച്ചിട്ടില്ല. ഇതിനടുത്ത് ഭിത്തിയിൽ പാകിയിട്ടുള്ള കരിങ്കല്ലിൽ വായിച്ചറി യാൻ കഴിയാത്ത ശിലാലിഖിതമുണ്ട്. ഇവിടെ അടക്കം ചെയ്ത മെത്രാപ്പോലീത്തായെപ്പറ്റിയുള്ള വിവരമാണിതെന്നു പറയുന്നു.

ഈ കബറിടം ക്രിസ്തുവർഷം 800–നും 1545–നുമിടയിൽ കേര ളത്തിലെത്തിയ പേർഷ്യൻ മെത്രാന്മാരിൽ ആരുടെയെങ്കിലും ആകാനുള്ള സാദ്ധ്യത തള്ളിക്കളയാനാവില്ലെന്ന് സഭാചരിത്രകാ രനായ എം. കുര്യൻ തോമസ് അഭിപ്രായപ്പെട്ടു. സാഹചര്യത്തെളി വുകൾ ഈ നിഗമനത്തിന് അനുകൂലമാണ്. എന്നാൽ 1545 നു ശേഷം കേരളത്തിലെത്തിയ എല്ലാ പൗരസ്ത്യ മെത്രാന്മാരു ടെയും കബറിടം കൃത്യമായി അറിയാം. അതിനാൽ അതിനുശേ ഷമുള്ള കാലത്തെ മെത്രാനാവില്ല എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്നലെ സഭാചരിത്ര ഗവേഷകനായ വർഗ്ഗീസ് ജോൺ തോട്ട പ്പുഴയോടൊപ്പം അദ്ദേഹം കബറിടം സന്ദർശിച്ചിരുന്നു.

കേരള കൗൺസിൽ ഓഫ് ഹിസ്റ്റോറിക്കൽ റിസേർച്ചിന്റെ അദ്ധ്യക്ഷൻ ഡോ. പി. ജെ. ചെറിയാൻ, പുരാലിഖിത വിദഗ്ദ്ധനും പ്രമുഖ ചരിത്രകാരനുമായ ഡോ. എം. ആർ. രാഘവവാര്യർ, സഭാചരിത്രകാരനായ എം. കുര്യൻ തോമസ്, സഭാചരിത്ര ഗവേഷകനായ വിപിൻ കെ. വർഗീസ് എന്നിവർ ഇന്ന് വിശദ പഠനത്തിനായി കാർത്തികപ്പള്ളിയിലെത്തുന്നുണ്ട്. പ. കാതോ ലിക്കാബാവായുടെ പ്രതിനിധികളായി പ്രിൻസിപ്പൽ സെക്രട്ടറി ഫാ. ഡോ. സാബു കുര്യാക്കോസ്, മാനേജിംഗ് കമ്മറ്റിയംഗം അഡ്വ. ബിജു ഉമ്മൻ എന്നിവർ സന്നിഹിതരാകും.

കാർത്തികപ്പള്ളിയിലെ ഹൈന്ദവരിൽ ചിലർ മുൻകൈ എടു ത്ത് *പ്രശ്നം വയ്പിച്ച്* നോക്കിയതിൽ ഏറെ ത്യാഗങ്ങൾ സഹിച്ച ഒരു മുനിയുടെ കബറിടമാണിതെന്ന് തെളിഞ്ഞതായി പറയ പ്പെടുന്നു. കബറിടം കണ്ടെത്തിയ സ്ഥലത്ത് സ്ത്രീകൾ നിൽ ക്കുകയോ ഇരിക്കുകയോ ചെയ്താൽ പ്രായമുള്ള സ്ത്രീകൾ അവരെ അവിടെ നിന്നു മാറ്റിയിരുന്നതായി ഇടവകാംഗങ്ങൾ പറയുന്നു. കബറിടം ഉള്ളതായി ഈ തലമുറയിൽപ്പെട്ടവർക്ക് അറിയാൻ പാടില്ലായിരുന്നുവെങ്കിലും ഈ സ്ഥലത്തെ ദിവ്യസ്ഥ ലമായി ആളുകൾ കരുതിയിരുന്നുവെന്ന് ഇതിൽ നിന്നും മനസ്സി ലാക്കാം.



**കബറിടം കണ്ടെത്തിയ സ്ഥലം**



# അസോസിയേഷൻ സെക്രട്ടറി സ്ഥാനത്തേക്ക് ഫാ. ഡോ. ഒ. തോമസ് മത്സരിക്കുന്നു (?)

**അൽമായവേദി ന്യൂസ് സർവീസ്**

അത്മായക്കാർക്ക് സഭയിലുള്ള അപൂർവ്വം ചില സ്ഥാനങ്ങളും വൈദികർ കൈയടക്കുവാനുള്ള ശ്രമത്തെക്കുറിച്ച് സെപ്റ്റംബർ ലക്കത്തിൽ അൽമായവേദി മാസിക റിപ്പോർട്ടു ചെയ്തിരുന്നു. എന്നാൽ അതിനുവേണ്ടി കച്ച കെട്ടിയിറങ്ങിയ ചെറുപ്പക്കാരനായ വൈദികൻ മാനേജിംഗ് കമ്മറ്റിയംഗമാകാനുള്ള ശ്രമത്തിൽ പരാജയപ്പെട്ട് പിന്മാറി. ഇപ്പോൾ വൈദികട്രസ്റ്റി സ്ഥാനത്തേക്കു മത്സരിച്ചു പരാജയപ്പെട്ട ഫാ. ഡോ. ഒ. തോമസിനെ അങ്കത്തട്ടിലിറക്കുവാൻ ചില ഗൂഢശ്രമങ്ങൾ നടക്കുന്നതായറിയുന്നു. സുന്നഹദോസിലെ വിദ്യാർത്ഥിപ്രസ്ഥാനം ലോബിയാണ് ഈ നീക്കങ്ങൾക്ക് ചുക്കാൻ പിടിക്കുന്നത്. അതിലേക്കായി ഒരു മെത്രാപ്പോലീത്താ തന്റെ വിദേശപര്യടനം വെട്ടിച്ചുരുക്കി ഇന്ന് കേരളത്തിൽ എത്തിച്ചേരുന്നുണ്ട്. അൽമായക്കാരായ അനേകം സ്ഥാനാർത്ഥികളുള്ളതിനാൽ മെത്രാന്മാരുടെയും വൈദികരുടെയും ഈ രണ്ടു വിഭാഗത്തിന്റെയും വൈതാളികരായ ചില അൽമായക്കാരുടെയും വോട്ടുകൾ ഒന്നിപ്പിച്ചാൽ വിജയമുറപ്പെന്നാണ് ഈ ലോബിയുടെ കണക്കുകൂട്ടൽ. നോമിനേറ്റഡ് വിഭാഗത്തിൽ മേൽപ്പറഞ്ഞ കോക്കസിനുള്ള സ്വാധീനവും കൂട്ടിച്ചേർത്താൽ വൻ വിജയസാധ്യതയാണ് ഇവർ മുന്നിൽ കാണുന്നത്. അൽമായ വോട്ടുകൾ ചിതറിക്കുവാൻ ഇവരുടെയെല്ലാം സ്തുതിപാഠകരായ ചിലരെ സ്ഥാനാർത്ഥികളായും രംഗപ്രവേശം ചെയ്യിക്കുന്നുണ്ട്.

ഈ നീക്കം തികഞ്ഞ ഭരണഘടനാ ലംഘനമാണെന്ന് നിയമജ്ഞർ ചൂണ്ടിക്കാണിക്കുന്നു. സുപ്രീംകോടതി അംഗീകരിച്ച ഭരണഘടനയുടെ ഇംഗ്ലീഷ് പരിഭാഷയിൽ ìThere shall be a lay Secretary for te Associationî എന്ന് വ്യക്തമായി പറഞ്ഞിരിക്കുന്നതിനാൽ ഒരു വൈദികനെ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുന്നത് ഭരണഘടനാ ലംഘനമായിരിക്കും. സഭാനേതൃത്വത്തിലെ ഒരു വിഭാഗം നടത്തുന്ന തുടർച്ചയായ ഭരണഘടനാലംഘനങ്ങൾക്കുള്ള മറ്റൊരു ഉദാഹരണം കൂടിയാണ് ഈ നീക്കം. വിദ്യാർത്ഥിപ്രസ്ഥാനം യുവജനപ്രസ്ഥാനം എന്നിവയുടെ ജനറൽ സെക്രട്ടറിമാർ അൽമായക്കാരായിരുന്നത് വൈദികർ കൈയടക്കിയതുപോലെ അസോസിയേഷൻ സെക്രട്ടറി സ്ഥാനവും വൈദികർ കൈയടക്കുവാനുള്ള ഒരു ശ്രമമാണിതെന്ന് പല നിരീക്ഷകരും അഭിപ്രായപ്പെടുന്നു.

# Answering Dr. Babu Paul

## H. G. Job Mar Philexinos

Dr. Babu Paul wrote to me explaining that the analogy of the Teacher who had wiped off both the correct and incorrect answers of his students is to make his readers understand that the Supreme Court Judgement pronounced last week swept off both the Judgements of the High Court. I must say that it was very unfortunate that his analogy has put the Supreme Court in a shameful position. I donít think that our Honíble Judges in the Supreme Court are like the senseless teacher. The analogy is not appropriate. There were two Judgements from the High Court- one against the Catholicose group in the Police Protection case and the other against the Patriarch faction in the Kathipparathadom case. Dr. Babu Paul admits that in the Police Protection case one Judge mixed up the criminal and civil procedures. Instead of dwelling on the case that belonged to the criminal nature the Judge strayed into civil premises and like a wild elephant ran amok demolished all that had been set in place by the Supreme Court. The Supreme Courtís oral observation during the argument that it was a ìmanifest errorî is to be taken in its real spirit. The Court removed all the remarks the High Court had made. In the Kathipparathadom case the High Court dwelt in the allotted premises and pronounced the Verdict based on the findings of the Supreme Court. The insensible teacher in the analogy of Dr. Babu Paul wiped off both the answers. But the Supreme Court has not stooped down to such an ignominious level. To understand this one has to know what took place in the Court. After Mr. Rohinton Nariman presented the points the Judges were of the opinion that in the Police Protection case the High Court has erred. They made this public by their statements, their questions to the lawyers of the Patriarch faction and even by their body language. Practically, Mr. Rohinton Nariman was keeping quite. The real argument was with the Judges and the lawyers of the Patriarch faction. Once when Mr. Rohinton stood to make a point the Judge told Mr. Rohinton: ìMr. Rohinton, I cannot talk to two persons at the same timeî. He sat down and must have been enjoying the ìargumentî between the Judges and the lawyers of the Patriarch faction. In fact the Judges were about to pronounce the Judgement. But the Advocate on records of the Patriarch faction started weeping, crying, begging, pleading, beseeching for postponing the Judgement for a day. The Judges took sympathy on the poor guy and did accordingly. If the Patriarch faction was on such a strong footing why did they have to bring seven very senior lawyers to the Court on the next day fixed for the hearing? From circle close to the Supreme Court the Patriarch faction has apparently spent between 40 and 50 Lakhs. But what have they achieved? These senior lawyers once again argued the points in their own style. But nothing could change the mind of the Judges

which had noticed the ìmanifest errorî of the High Court and the Supreme Court wiped away the adverse remarks from the Judgement. The senior lawyers of the Patriarch faction then tried to put forward a premise that since the Court has practically nullified this order of the High Court, the verdict on Kathipparathadom was also to be quashed. The Court did not do that. Instead, it asked them to go to Division Bench for relief. The Court has not wiped away the Judgement on Karipparathadam as Dr. Babu Paul is made to understand. Your senseless teacher must have erased both the correct and incorrect answers, but not the Supreme Court Judges.

We say that we won the case as the observations made by the High Court in the Police Protection case we filed would have had far reaching and devastating consequences if they were to remain so. With the removal of these observations the 1934 Constitution continues to have sway over all the Churches to the extent it permits. All decisions or formulations contrary to it will have no legal standing. This is a point completely in favour of the Orthodox group. Police Protection case was not an idea originated from our side. One fine morning during the time of H. H. Mathews II there appeared before him two people pretending to be very ardent supporters of the Orthodox group. They convinced H.H that they would see to it that we win the case if we file a case for Police Protection against the Government. These two gentlemen are now in the Patriarch group as active as they ever were. It was a case about which Mr. F. S. Nariman himself had a difference of opinion. But the kind of confidence H.H reposed in them was so strong that we had to go ahead with it. Once they found that they had achieved what they wanted they deserted the Orthodox Church. They continue to be the darlings of the highest echelons of the Patriarch group. We never wanted to have it and we are only happy that that prayer was not granted. So the Orthodox Church won the case in this point. Contrary to what the Patriarch faction say, the decision of the Court in this manner will have problems for them. The attempts to separate the parish churches from the ambit of the 1934 Constitution are to meet with grave consequences, if not today, definitely in future. So we say that this verdict is not in favour of them.

The reference to 200 different litigations in the civil courts is not a bugbear for the Orthodox Church as we do not want power or authority over the properties of the individual parishes. Once we tell the Court that we do not want authority over the properties of the parishes and will be satisfied with the powers over the parishes to the extent the 1934 Constitution guarantees, we are sure that no court will deny our prayer. So in the long run this decision too helps us. So we won this point too.

On the question of impleading the present Catholicos the Court did not say anything as there is a case in the lower court. With unabashed glee the Patriarch faction often derides us for filing cases against them. Why did they file a case against our Catholicos? What right do they have as a Society church which has left this Church to file a case of this sort?

There was some one from the Patriarch side who said that I was not present in the Supreme Court. The concerned person must not have seen me. And I never knew that one has to get a certificate from somebody to ensure that one is in the Court. This person must not have seen the Chief Justice in the Supreme Court. Will he go to the extent of saying that the Chief justice was not present in the Supreme Court?

Similarly, one another from the same faction went to the extent of saying that my first name is JOB and I have done the job of spreading malicious propaganda. I take it as a complement. I am happy and very contented that I did my job of informing people that we won the case based on what had taken place in the Supreme Court. But the second allegation that I spread malicious propaganda does not fit me. Please do not attribute all the qualities of people you daily come across upon others thinking that all others are like people whom you meet.

## സഭയ്ക്കു വേണ്ടിയുള്ള പ്രാർത്ഥന

ദൈവപുത്രാ, വിശുദ്ധ സഭയ്ക്കു നിരപ്പു കൊടുക്കു കയും അതിൽ നിന്നു ദുഷ്ട ഭിന്നതകളെയും പിരിച്ചിലുകളെയും ഇല്ലാതാക്കുകയും ചെയ്യണമെ. തർക്കങ്ങൾ ഉണ്ടാകാതിരിപ്പാൻ തക്കവണ്ണം അതിന്റെ വാതിലുകളെ നിന്റെ സ്ലീബായാൽ മുദ്ര വയ്ക്കണമെ. തർക്കക്കാരുടെ കലഹി പ്പിക്കുന്ന തർക്കം അതിൽ പ്രവേശിക്കയും അരുതേ.

മ്ശിഹാരാജാവേ, വിശുദ്ധസഭ നിന്നാൽ ഉയർത്തപ്പെടുകയും അതിലെ തലവന്മാരും ശുശ്രൂഷകന്മാരും നിരപ്പാക്കപ്പെടുകയും ചെയ്യണമെ.

കർത്താവേ, വിശുദ്ധ സഭയിൽ സമാധാനം വർദ്ധിക്കയും അതിന്റെ കൂട്ടം ആർപ്പുവിളിക്കയും, അതിന്റെ മക്കൾ സന്തോഷിക്കയും, അതിന്റെ തല ഉയർത്തപ്പെടുകയും, അതിന്റെ മഹത്വം വർദ്ധിക്കയും, അതിന്റെ കിരീടത്തിന് ഉന്നതി ലഭിക്കയും, അതിന്റെ മടി നിറയുകയും, അതിന്റെ മക്കൾ വർദ്ധിക്കയും, അതിന്റെ ശത്രുക്കൾ വീണുപോക യും ചെയ്യണമെ. അതിന്റെ ശത്രുക്കൾ ലജ്ജിക്കയും, അതിന്റെ മക്കളിൽ അത് സന്തോഷിക്കയും, അതിന്റെ കൂട്ടങ്ങളിൽ അത് ആനന്ദിക്കയും, അതിന്റെ ഭരണക്കാരിൽ അത് ഇമ്പപ്പെടുകയും ചെയ്യുമാറാകണമെ. അതിനെ പുതുതാക്കുന്നവർ മഹത്വത്തിന്റെ ശബ്ദങ്ങളാൽ അതിൽ സ്തുതിപാടുമാറാകണമെ.

ഞങ്ങളുടെ കർത്താവെ, നാനാഭാഗങ്ങളിലുള്ള നിന്റെ സഭയെ നീ നിരപ്പാക്കണമെ. തിരുവിഷ്ടപ്രകാരം അതിനെ ശുശ്രൂഷിക്കുന്ന ഇടയന്മാരെ അതിൽ നിയമിക്കണമെ. സത്യപ്രകാശം അതിൽ ശോഭയോടെ പ്രകാശിക്കണമെ. അതു പരിശുദ്ധ ത്രിത്വത്തിന്റെ രഹസ്യത്തെ സ്തോത്രം ചെയ്തു വന്ദിച്ചു മഹത്വപ്പെടുത്തുവാനായിട്ടു സന്തോഷ ങ്ങളുടെ മാസങ്ങളെയും ഐശ്വര്യമുള്ള സംവത്സരങ്ങളെയും അതിനു നീ കൊടുക്കണമെ, ആമ്മീൻ.

**Published by K. V. Abraham Koduvath (President) on behalf of Akhila Malankara Orthodox Almayavedi**
**(Reg. No. K 713/2005), PB No. 652, Kottayam Editor: Joice Thottackad**